**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം – മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ് 1 തസ്തികയിൽ നിന്നും മെഡിക്കൽ റിക്കോർഡ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കത്ത് നം. എച്ച്1-1/11/2021-ഹെൽത്ത്,ആ.കു.വ., തീയതി: 26/03/2021.
2. മേലെഴുത്ത് കത്ത് നം. ഇ.എസ്.2-67450/2020/ആ.വ.ഡ., തീയതി: 12/04/2021.

**ഉത്തരവ് നം. ഇ.ഡി.4-12/2019/ആ.വ.ഡ., തീയതി: 27/04/2021**

മെഡിക്കൽ റിക്കോർഡ് ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനു വേണ്ടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ് 1 ഉദ്യോഗസ്ഥരെ 50,200 – 1,05,300 (റിവൈസ്ഡ് സ്കെയിൽ) ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ. മനോജ് ആർ.<br>മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട,<br>തിരുവനന്തപുരം | മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട,<br>തിരുവനന്തപുരം |
| 2. | ശ്രീമതി ഷീജ ഡബ്ല്യു.<br>ജനറൽ ആശുപത്രി<br>നെയ്യാറ്റിൻകര, തിരുവനന്തപുരം | ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,<br>തിരുവനന്തപുരം |

മെഡിക്കൽ റിക്കോർഡ് ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ടി ഉദ്യോഗസ്ഥർ 1 വർഷത്തെ കാലാവധിയ്ക്കുള്ളിൽ 6 മാസത്തെ പരിവീക്ഷകാലം പൂർത്തീകരിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിച്ച ആർ.റ്റി.സി. -യും, സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനായി സമ്മത പത്രവും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന് ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

ടി വ്യക്തികൾ വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
കുമാരി ബീന വി. റ്റി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മേലധികാരി മുഖേന)

പകർപ്പ്
1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
3. സൂപ്രണ്ട്, മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട, തിരുവനന്തപുരം
4. സൂപ്രണ്ട്, ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം.
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.
6. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-27/04